# അൽ അമീൻ കോളേജിന്റെ മാഗസിൻ പുരസ്കാരം കോഴിക്കോട് മെഡിക്കൽ കോളേജിന്

**ആലുവ ▸** അൽ അമീൻ കോളേജ് സ്ഥാപക മാനേജരും കൊച്ചിയുടെ പ്രഥമ നഗര പിതാവുമായിരുന്ന എ.എ. കൊച്ചുണ്ണി മാസ്റ്ററുടെ സ്മരണാർത്ഥം അൽ അമീൻ കോളേജ് മാഗസിൻ കമ്മിറ്റി ഏർപ്പെടുത്തിയ പുരസ്കാരം കോഴിക്കോട് മെഡിക്കൽ കോളേജിന്.

'ഒരു ദുരാത്മാവിൻെറ പറ്റ് പുസ്തകം' എന്ന മാഗസിനാണ് പുരസ്കാരം ലഭിച്ചത്. 10,001 രൂപയും ശില്പവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം. എഴുത്തുകാരി പ്രൊഫ. ഗ്രേസി, വിവർത്തകൻ സുനിൽ ഞാളിയത്ത്, മാധ്യമ പ്രവർത്തകൻ സജി ജെയിംസ് എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് പുരസ്കാരത്തിന് അർഹമായ മാഗസിൻ തിരഞ്ഞെടുത്തത്. 2019 ഡിസംബർ ആറു മുതൽ എട്ടു വരെ അൽ അമീൻ കോളേജിൽ നടക്കുന്ന കോളേജ് മാഗസിൻ എഡിറ്റർമാരുടെ ശില്പശാലയിൽ വെച്ച് പുരസ്കാരം സമ്മാനിക്കും.

Scanned by CamScanner